തൃശ്ശൂർ ജില്ല: 4-6-2002-ൽ തൃശ്ശൂർ വെസ്റ്റിൽ ന്യായവിരുദ്ധമായ ജനക്കൂട്ടത്തെ ലാത്തിച്ചാർജ്ജ് നടത്തി പിരിച്ചുവിടുന്നതിനിടയിൽ ശ്രീ. കെ. പി. രാജേന്ദ്രൻ എം.എൽ.എ.യ്ക്കും പരിക്ക് പറ്റിയിട്ടുണ്ട്.

പാലക്കാട് ജില്ല: 17-3-2003-ൽ നടന്ന ഡി. പി. ഒ. മാർച്ചിനോടനുബന്ധിച്ച് ന്യായവിരുദ്ധമായ ജനക്കൂട്ടത്തെ പിരിച്ചുവിടുന്നതിനിടയിൽ ശ്രീ. എൻ. എൻ. കൃഷ്ണദാസ് (എം. പി., പാലക്കാട്), ശ്രീ. അജയകുമാർ (എം.പി., ഒറ്റപ്പാലം), ശ്രീ. റ്റി. ശിവദാസമേനോൻ (മുൻമന്ത്രി), ശ്രീ. സി. കെ. രാജേന്ദ്രൻ (മുൻ എം.എൽ.എ.), ശ്രീ. കെ. പി. രാമകൃഷ്ണൻ (ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്), ശ്രീ മമ്മിക്കുട്ടി (ജില്ലാ ലെജിസ്ലേറ്റീവ് ബ്ലോക്ക് പ്രസിഡന്റ്) എന്നിവർക്ക് പരിക്ക് പറ്റിയിട്ടുണ്ട്.

വയനാട് ജില്ല: 17-3-2003-ൽ നടന്ന ഡി. പി. ഒ. മാർച്ചിനോടനുബന്ധിച്ച് ന്യായവിരുദ്ധമായ ജനക്കൂട്ടത്തെ പിരിച്ചുവിടുന്നതിനിടയിൽ ശ്രീ. സുഗതൻ (മുനിസിപ്പാലിറ്റി കൗൺസിലർ) പരിക്ക് പറ്റിയിട്ടുണ്ട്.

ബഹുജന സമരങ്ങൾക്കെതിരെയുള്ള ഗ്രനേഡ് പ്രയോഗത്തെക്കുറിച്ച് അന്വേഷണം

36 [2466] *ശ്രീ. സി. കെ. നാണു:*
,, *കെ. പി. മോഹനൻ:*
,, *എ. സി. ഷൺമുഖദാസ്:*
ഡോ. എ. നീലലോഹിതദാസൻ നാടാർ:
,, *കെ. സി. ജോസഫ്* : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഗ്രനേഡുകൾ പ്രയോഗിക്കുന്നതു സംബന്ധിച്ച് നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചുതന്നെയാണോ ബഹുജനസമരങ്ങൾക്കെതിരെ പോലീസ് ഗ്രനേഡുകൾ പ്രയോഗിച്ചിട്ടുള്ളതെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

ടിയർ സ്മോക്ക് ഗ്രനേഡുകൾ പ്രയോഗിക്കുന്നതുസംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചുതന്നെയാണ് Non-Lethal Munition ഇനത്തിൽപ്പെട്ട ടിയർ സ്മോക്ക് ഗ്രനേഡുകൾ പോലീസ് ഉപയോഗിക്കാറുള്ളത്.

"പോലീസുകാർക്ക് പരിശീലനം നൽകുന്ന ട്രെയിനിംഗ് സെന്ററുകൾ"

37 [2467] *ശ്രീ. എ. എ. അസീസ്* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസുകാർക്ക് പരിശീലനം നൽകാൻ സംസ്ഥാനത്ത് എത്ര ട്രെയിനിംഗ് സെന്ററുകളാണ് ഉള്ളത് എന്നും, എവിടെയെല്ലാമാണ് എന്നും വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly